DESPATCHED
On..30/4/22....



## സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം–695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 69(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.1598/SIC-Gen4/2022**

(ഉത്തരവുകൾ **sic.kerala.gov.in** –ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഏപ്രിൽ 27**

ശ്രീ. പി.ആർ. രാമചന്ദ്രൻ,
729/20, പൂക്കാട്ട് വീട്,
മുപ്പത്തടം പി.ഒ., ആലുവ – 683 110.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഡെപ്യൂട്ടി രജിസ്ട്രാർ (അഡ്മിനിസ്ട്രേഷൻ),
   സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ
   (ജനറൽ) കാര്യാലയം, എറണാകുളം.
2. അപ്പീൽ അധികാരി &
   ജോയിന്റ് രജിസ്ട്രാർ (ജനറൽ),
   സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ
   (ജനറൽ) കാര്യാലയം, എറണാകുളം.

} എതിർകക്ഷികൾ .

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 26.8.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 28.9.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 4.10.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 5.11.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 19.1.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 25.1.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 31.1.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 7.3.2022 |

## ഉത്തരവ്

ശ്രീ. പി.ആർ. രാമചന്ദ്രൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കാൻ ഒന്നാം എതിർകക്ഷി യാതൊരു ശ്രമവും നടത്തിയില്ലെന്നും തുടർന്ന് നൽകിയ അപ്പീൽ അപേക്ഷയ്ക്കും വ്യക്തമായ മറുപടി നൽകാതെ കുറ്റം ചെയ്യാൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസറെ പ്രേരിപ്പിക്കുന്ന സമീപനമാണ് രണ്ടാം എതിർകക്ഷി സ്വീകരിച്ചിട്ടുള്ളതെന്നും ആയതിനാൽ ടിയാന്റെ അപേക്ഷയ്ക്ക് മറുപടി നൽകുന്നതിൽ അനാസ്ഥ കാണിച്ച എതിർകക്ഷികൾക്കെതിരെ വിവരാവകാശ നിയമം 20 വകുപ്പു പ്രകാരം നടപടി

സ്വീകരിച്ച് പരമാവധി ശിക്ഷ നൽകി ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 26.8.2021 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭ്യമാക്കി നൽകണമെന്നാണ് ;

1) എ) ഇ–216 മുപ്പത്തടം സർവ്വീസ് സഹകരണ ബാങ്കിലെ മുൻജീവനക്കാരിയായിരുന്ന ശ്രീമതി. രത്നമ്മ സുരേഷ് പഞ്ചായത്ത് പ്രസിഡന്റായിരുന്ന കാലത്ത് ബാങ്കിൽ ജോലി ചെയ്തു എന്ന് പറയപ്പെടുന്ന സമയത്ത് 7.5.2018 മുതൽ 31.3.2019 വരെയുള്ള സമയത്തെ ബാങ്കിലെ മുഴുവൻ അറ്റൻഡൻസ് രജിസ്റ്ററുകളുടെയും പകർപ്പ് ;

ബി) ടി ബാങ്കിലെ സെക്രട്ടറി ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകുന്ന രേഖകളുടെ ജനുവരി 2018 മുതൽ ജൂലൈ 2021 വരെയുള്ള പകർപ്പ് ;

സി) സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ ഇൻസ്പെക്ഷൻ സെല്ലിലെ നമ്പർ ഐ.സി 22/2020 തീയതി 25.5.2020, ഐ.സി 22എ/2020 തീയതി 25.5.2020 പ്രകാരമുള്ള കത്തിൽ പറഞ്ഞിരിക്കുന്ന അക്വിറ്റൻസ് രജിസ്റ്റർ (2018 ജനുവരി മുതൽ 2019 ഡിസംബർ വരെ) പകർപ്പ് നൽകണമെന്നും മറ്റുമായി എ മുതൽ എഫ് വരെയുള്ള ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയിലെ എ മുതൽ ഡി വരെയുള്ള ഇനങ്ങൾക്ക് 28.9.2020–ന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 4.10.2021–ന് നൽകിയ അപ്പീൽ തീർപ്പാക്കി 5.11.2021–ന് പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, മുപ്പത്തടം സർവ്വീസ് സഹകരണ ബാങ്ക് എന്ന സ്ഥാപനം കേരള സഹകരണ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സഹകരണ സ്ഥാപനമാണെന്നും ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 9017/2013–ലെ വിധി പ്രകാരം ടി സ്ഥാപനം വിവരാവകാശ നിയമത്തിന്റെ കീഴിൽ വരുന്ന ഒരു പൊതു സ്ഥാപനം അല്ലെന്നും ടി സ്ഥാപനത്തിലെ രേഖകൾ പൊതു രേഖകൾ അല്ലെന്നും ഹർജിക്കാരൻ നൽകിയ അപ്പീൽ പരിഗണിച്ച് 3.11.2021–ന് ഹർജിക്കാരനെ നേരിൽ കേട്ടിട്ടുള്ളതാണെന്നും ടിയാൻ നൽകിയ വിവരാവകാശ അപേക്ഷയിലെ 1എ, ബി, സി, ഡി എന്നിവയ്ക്ക് എസ്.പി.ഐ.ഒ നൽകിയിട്ടുള്ള മറുപടി ടി ഓഫീസിൽ സഹകരണ സംഘങ്ങളിൽ നിന്നും പൊതു രേഖയായി ശേഖരിച്ച് സൂക്ഷിക്കേണ്ടവയല്ല എന്നുള്ളതിനാൽ വിവരാവകാശ നിയമ പ്രകാരം നൽകിയിട്ടുള്ള മറുപടി ശരിയായിട്ടുള്ളതാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് മുപ്പത്തടം സർവ്വീസ് സഹകരണ ബാങ്ക് ജീവനക്കാരി ശ്രീമതി. രത്നമ്മ സുരേഷിന്റെ അറ്റൻഡൻസ് രജിസ്റ്ററും, ബാങ്ക് സംബന്ധമായ ഇതര രേഖകളുമാണെന്നും ആയതിന് 28.9.2021–ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതാണെന്നും തുടർന്ന് ടി മറുപടി തൃപ്തികരമല്ല എന്ന കാരണം ചൂണ്ടിക്കാട്ടി ഹർജിക്കാരൻ ഒന്നാം അപ്പീൽ അധികാരിക്ക് അപ്പീൽ നൽകി എന്നും

ടി അപ്പീൽ തീർപ്പാക്കി 5.11.2021–ന് മറുപടി നൽകിയിട്ടുള്ളതാണെന്നും, 2018 മുതൽ ഹർജിക്കാരൻ നിരന്തരമായി പരാതികളും വിവരാവകാശ നിയമ പ്രകാരമുള്ള നൂറ് കണക്കിന് അപേക്ഷകളും എതിർകക്ഷി ഓഫീസിലും ടി ഓഫീസിന്റെ നിയന്ത്രണത്തിലുള്ള നോർത്ത് പറവൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലും നൽകി വരികയാണെന്നും, നിരന്തരമായി ഒരേ വിഷയത്തിൽ വിവരാവകാശ അപേക്ഷകളും പരാതികളും നൽകി വിവരാവകാശ നിയമത്തെ ദുരുപയോഗപ്പെടുത്തി ടിയാൻ ഓഫീസ് പ്രവർത്തനങ്ങൾക്ക് തടസം സൃഷ്ടിക്കുകയാണെന്നും, മുപ്പത്തടം സഹകരണ ബാങ്കിലെ ജീവനക്കാരോടും ഭരണസമിതിയോടുമുള്ള വ്യക്തി വൈരാഗ്യം തീർക്കാനാണ് ഇത്തരത്തിൽ പരാതി നൽകുന്നതിനുള്ള അടിസ്ഥാന കാരണമെന്നും, ഹർജിക്കാരൻ ആഗ്രഹിക്കുന്ന രീതിയിൽ മറുപടി നൽകാത്ത എല്ലാ ഉദ്യോഗസ്ഥർക്കുമെതിരെയും പരാതി നൽകി അവരെ മാനസീകമായി ഉപദ്രവിക്കുക എന്നത് ടിയാന്റെ നിത്യതൊഴിലാണെന്നും ടിയാൻ ആഗ്രഹിക്കുന്ന രീതിയിലുള്ള മറുപടിയല്ല ലഭിക്കുന്നതെങ്കിൽ ടി എസ്.പി.ഐ.ഒയ്ക്കെതിരെ പരാതിയും ടി ഉദ്യോഗസ്ഥനെ പിഴയടപ്പിച്ച് ശിക്ഷിക്കണമെന്നാവശ്യപ്പെട്ട് അപ്പീൽ നിരന്തരമായി നൽകുകയും ചെയ്തു വരികയാണെന്നും ഹർജിക്കാരൻ സമർപ്പിക്കുന്ന അപേക്ഷയിൽ ആവശ്യപ്പെടുന്ന രേഖകളും, മറുപടികളും ടി ഓഫീസിലെ രേഖകളിൽ നിന്നും ലഭ്യമാകുന്നതല്ലെന്നും ആയവ മുപ്പത്തടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ–216 സംബന്ധിച്ച രേഖകളാണെന്നും, മുപ്പത്തടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ .216–ന്റെ സെക്രട്ടറിയും, പ്രസിഡന്റും ഹിയറിംഗ് വേളയിൽ നൽകിയ മറുപടിയിൽ വിവരാവകാശ നിയമ പ്രകാരം ഹർജിക്കാരൻ ബാങ്കിന്റെ രേഖകൾ ലഭ്യമാക്കി ബാങ്കിനെതിരായി ദുർവിനിയോഗം ചെയ്ത് വാട്ട്സ് അപ്പ്, ഫേസ്ബുക്ക് എന്നിവയിൽ പ്രചരിപ്പിച്ച് ടി ബാങ്കിനെ അപകീർത്തിപ്പെടുത്തുന്നു എന്ന് മൊഴി നൽകിയിട്ടുണ്ടെന്നും ആയത് ശരിയാണെന്ന് എതിർകക്ഷി ഓഫീസിന് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജി, ബന്ധപ്പെട്ട രേഖകൾ, മുപ്പത്തടം സർവ്വീസ് ബാങ്കിനെതിരെ ഹർജിക്കാരൻ കമ്മീഷനിൽ നൽകിയ അപ്പീലുകൾ എന്നിവ വിശദമായി പരിശോധിച്ചതിലും മുപ്പത്തടം സർവ്വീസ് സഹകരണ ബാങ്ക് ജീവനക്കാരി ശ്രീമതി. രത്നമ്മ സുരേഷിനോടും, ബാങ്ക് സെക്രട്ടറിയോടും ഭരണസമിതിയോടുമുള്ള വ്യക്തി വൈരാഗ്യം മൂലമാണ് ഹർജിക്കാരൻ വിവരാവകാശ നിയമത്തെ ദുരുപയോഗപ്പെടുത്തി ടി സ്ഥാപനത്തിനെതിരെ നിരന്തരമായി പരാതി നൽകി കൊണ്ടിരിക്കുന്നത് എന്ന് കമ്മീഷന് ബോധ്യമാകുന്നു. മുപ്പത്തടം സഹകരണ ബാങ്കുമായി ബന്ധപ്പെട്ട് ടിയാൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലെന്ന് ചൂണ്ടിക്കാട്ടി 28.6.2021–ന് കമ്മീഷനിൽ സമർപ്പിച്ച ഹർജി എ.പി.1333(1)/2021/എസ്.ഐ.സി. നമ്പരായി ഫയലിൽ സ്വീകരിച്ച് 15.2.2022–ന് ഹർജിക്കാരനേയും പബ്ലിക് ഇൻഫർമേഷൻ ഓഫീസറെയും നേരിൽ കേട്ട് ടി വിഷയത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) നോർത്ത് പറവൂരിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കി കമ്മീഷൻ പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കേണ്ടുന്ന മുപ്പത്തടം സർവ്വീസ് സഹകരണ ബാങ്ക് 1969–ലെ കേരള സഹകരണ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നതാകയാൽ, തലപ്പാലം സർവ്വീസ് കോ–ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് ആന്റ് അതേഴ്സ് Vs. സ്റ്റേറ്റ് ഓഫ് കേരള ആന്റ് അതേഴ്സ് (Civil Appeal No.9017 of 2013) എന്ന കേസിന്മേൽ ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ടി സ്ഥാപനവും വിവരാവകാശ നിയമം 2(എച്ച്) വകുപ്പിലെ നിർവ്വചനത്തിൻകീഴിൽ

വരുന്ന പബ്ലിക് അതോറിട്ടിയല്ലെന്ന് കണ്ട് ടി ഹർജി കമ്മീഷൻ തീർപ്പാക്കിയിട്ടുള്ളതാണ്. കൂടാതെ ഹർജിക്കാരൻ നിരന്തരമായി വിവരാവകാശ അപേക്ഷ നൽകുന്നതിനെതിരെ മുപ്പത്തടം സർവ്വീസ് സഹകരണ ബാങ്ക് 13.9.2021–ന് 8593 നമ്പറായി റെസലൂഷൻ പാസ്സാക്കിയിട്ടുള്ളതായും കാണുന്നു. മേൽ സൂചിപ്പിച്ച കോടതി വിധി പ്രകാരം സഹകരണ സ്ഥാപനങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതാണെന്നതിനാലും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം എതിർകക്ഷി ഓഫീസിലെ രേഖകളിൽ നിന്നും ലഭ്യമാകു–ന്നവയല്ല എന്നതിനാലും ഈ അപ്പീൽ ഹർജിയിൽ തുടർനടപടി ആവശ്യമില്ലെന്ന് വിലയിരുത്തിയും രണ്ടാം എതിർകക്ഷി കമ്മീഷനിൽ സമർപ്പിച്ച 23.2.2022–ലെ എസ്.ടി 2003/2021 നമ്പർ റിപ്പോർട്ടിൽ ടിയാനെതിരെ ഉന്നയിച്ച തരത്തിലുള്ള ആക്ഷേപത്തിന് ഇടനൽകാതെയും ടി സ്ഥാപനത്തിൽ നിന്നും പൊതുജനങ്ങൾക്ക് നൽകി വരുന്ന സേവനങ്ങൾ തടസ്സപ്പെടുത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ പരമാവധി ഒഴിവാക്കുവാനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണെന്ന് ഹർജിക്കാരനെ ഓർമ്മപ്പെടുത്തിക്കൊണ്ടും ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഏപ്രിൽ 27–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk

bnk